**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5512** **05-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ഫുട്ബോൾ അക്കാഡമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | കായിക താരങ്ങളുടെ ഉന്നമനത്തിനായി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | കായിക വകുപ്പ് മുഖേന കായിക താരങ്ങളുടെ ഉന്നമനത്തിനായി കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/ പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം / നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/ നവീകരണം, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിം തുടങ്ങിയ പ്രവൃത്തികളെല്ലാം കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകുന്ന തരത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പൂർണ്ണ സജ്ജമായിരിക്കുന്ന നീലേശ്വരത്തെ ഇ.എം.എസ്. സ്റ്റേഡിയം കായിക താരങ്ങൾക്കായി തുറന്നുകൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | കായികയുവജനകാര്യാലയത്തിനു കീഴിലുള്ള നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ പരിപാലനവും മേൽനോട്ട ചുമതലയും ഏൽപ്പിച്ചിരിക്കുന്നത് സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ്. കായികയുവജന കാര്യാലയത്തിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ സ്റ്റേഡിയത്തിൽ ചെയ്തുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | | പൊതുജനങ്ങൾക്ക് കായിക ക്ഷമത ഉറപ്പാക്കുന്നതിനായി സ്റ്റേഡിയം പരിശീലനത്തിനായി മിതമായ നിരക്കിൽ വിട്ടുനൽകുകയും ദേശീയ അന്തർദേശീയ മത്സരങ്ങൾക്കായി സ്റ്റേഡിയം അനുവദിച്ച് വരുന്നുണ്ട്. സ്റ്റേഡിയത്തിൽ നിലവിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, നാച്ചറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ട്, ബാസ്കറ്റ്ബോൾ കോർട്ട്, വോളീബോൾ കോർട്ട് എന്നിവയെല്ലാം കായികതാരങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്. കായികതാരങ്ങൾക്കുള്ള ഡ്രെസ്സിംഗ് റൂമായും ആവശ്യമെങ്കിൽ ഓഫീസായും ഉപയോഗിക്കാവുന്ന തരത്തിൽ നല്ലൊരു ബിൽഡിങ്ങും ഇതോടൊപ്പം നിർമ്മിച്ചിട്ടുണ്ട്. നീന്തൽ കുളത്തിലെ ഫിൽട്രേഷൻ ടാങ്കിൽ ഉണ്ടായിരുന്ന അപാകതകൾ 15.06.2024 ന് കിറ്റ്കോ എഞ്ചിനീയർമാർ പരിഹരിക്കുകയുണ്ടായി. ജൂലൈ ഒന്നുമുതൽ പൂർണ്ണമായും സ്റ്റേഡിയത്തിലെ നീന്തൽകുളം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കായിക താരങ്ങളുടെ ഉന്നമനത്തിനായി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ

**പ്ലാൻ ഫണ്ട്**

സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏകദേശം 430 കോടി രൂപയുടെ വിവിധ നിർമ്മാണ പ്രവൃത്തികളായ ഇൻഡോർ സ്റ്റേഡിയം/ ടർഫുകൾ/സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടു കൊണ്ട് "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി" നടപ്പിലാക്കി വരുന്നു. നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും ഇൻഡോർകോർട്ട്, മാനസിക ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷം കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നത്. അടിസ്ഥാനപരമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ് ബോൾ, ഓപ്പൺ ജിംനേഷ്യം തുടങ്ങിയവയാണ്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തനത് കായിക വികസനങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ആവിഷ്കരിച്ച ഈ പദ്ധതി കായികതാരങ്ങളുടെ ഉന്നമനത്തിന് വളരെയധികം പ്രയോജനപ്രദമായിരിക്കും. കൂടാതെ സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വിവിധ നിർമ്മാണ പ്രവൃത്തികളായ ഇൻഡോർ സ്റ്റേഡിയം, ടർഫുകൾ/സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

**കിഫ്ബി പദ്ധതി**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1061 കോടിരൂപയുടെ 58 പദ്ധതികൾ കായിക വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/മേഖല സ്റ്റേഡിയങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻ എസ്.പി.വിയായ കിറ്റ്കോ മുഖാന്തിരം ഇതിൽ 18 പദ്ധതികൾ ഇതിനകം തന്നെ പൂർത്തീകരിക്കുകയും 13 പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. 603 കോടി രൂപ അടങ്കൽ വരുന്ന 27 കിഫ്ബി പദ്ധതികൾ മുൻ എസ്.പി.വിയായ കിറ്റ്കോയിൽ നിന്ന് മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏല്പിച്ചു.

**ഖേലോ ഇന്ത്യ പദ്ധതി**

രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഖേലോ ഇന്ത്യ പദ്ധതി. ഈ പദ്ധതിയിൽ കായിക അടിസ്ഥാന സൗകര്യവികസനം, കമ്മ്യൂണിറ്റി കോച്ചിംഗിന്റെ പ്രോത്സാഹനം, സ്കൂൾ, യൂണിവേഴ്സിറ്റി തലങ്ങളിൽ മത്സരങ്ങൾ, സ്പോർട്സ് അക്കാദമികളെ പ്രോത്സാഹിപ്പിക്കൽ, സ്കൂൾ തലത്തിൽ

കായികക്ഷമത വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു. നിലവിൽ കേരളത്തിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം 7 കോടി രൂപ ചെലവിൽ തൃശ്ശൂർ കുന്നംകുളം സ്പോർട്സ് ഡിവിഷനിലെ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിംഗും, 7 കോടി രൂപ ചെലവിൽ കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിംഗും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 2023-24 ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 6 പദ്ധതികളുടെ ഡിപിആർ അംഗീകാരത്തിനായി കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**